പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2797

12.10.2011-ൽ മറുപടിയ്ക്ക്

## ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ ക്ഷീര വികസനം ഉൾപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>,, ജോസഫ് വാഴക്കൻ<br>,, ബെന്നി ബെഹനാൻ<br>,, ലൂഡി ലൂയിസ് | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. ക്ഷീരകർഷകർക്ക് ന്യായവില ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | എ. ക്ഷീരമേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ ഉൽപ്പാദനച്ചെലവിനനുസരണമായ ന്യായവില ക്ഷീര കർഷകന് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഉൽപാദന ചെലവിനനുസൃതമായി ശാസ്ത്രീയ പഠനം നടത്തി 2010-ൽ സർക്കാർ പാൽവില ലിറ്ററൊന്നിന് 3 രൂപ വർദ്ധിപ്പിച്ചതിനു പുറമെ ഇപ്പോൾ മിൽമ 5 രൂപ കൂടി ലിറ്ററിന് വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ വർദ്ധനവുകളിൽ യഥാക്രമം 2.76 രൂപ, 4.20 രൂപ വീതം ക്ഷീരകർഷകർക്ക് ലഭ്യമാകുന്നുണ്ട്. ഇപ്പോൾ നൽകി വരുന്ന കാലിത്തീറ്റ സബ്സിഡി ഇരട്ടിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി തീറ്റപുൽ കൃഷി 3000 ഹെക്ടർ സ്ഥലത്തു കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. കൂടാതെ, ഉൽപ്പാദനച്ചെലവ് കുറയ്ക്കാൻ ക്ഷീര വികസന വകുപ്പ് വഴി കാലിത്തീറ്റ സബ്സിഡി, തീറ്റപ്പുൽകൃഷി വ്യാപന പദ്ധതി, എം.എസ്.ഡി.പി. എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിനു പുറമെ, ക്ഷീരകർഷക ക്ഷേമനിധിയിലൂടെ കർഷകർക്ക് പെൻഷൻ, കുടുംബ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര സഹായം, വിദ്യാഭ്യാസ ധനസഹായം, ഇൻഷുറൻസ് എന്നിവയും നൽകി വരുന്നുണ്ട്. |
| ബി. ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ ക്ഷീര വികസനം ഉൾപ്പെടുത്തുന്നതു മൂലം എന്തെല്ലാം നേട്ടങ്ങളാണ് ക്ഷീരകർഷകർക്ക് ലഭിക്കുന്നത് ; | ബി. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അനുവദനീയമായ പ്രവൃത്തികളിൽ ക്ഷീരമേഖലയെ ഉൾപ്പെടുത്തുന്ന കാര്യം കേന്ദ്രഗവൺമെന്റിന്റെ പരിഗണനയിലാണ്. ക്ഷീരമേഖലയുമായി ബന്ധപ്പെട്ട |

തീറ്റപുൽ കൃഷി, പാലുല്പാദനം, കന്നുകാലി വളർത്ത ലുമായി ബന്ധപ്പെട്ട തൊഴുത്ത് വൃത്തിയാക്കൽ, ചാണകക്കുഴി വൃത്തിയാക്കലും കന്നുകാലി പരിപാലനവും, കന്നുകാലി തീറ്റ തയ്യാറാക്കൽ, എന്നിവ അനുവദനീയമായ പ്രവൃത്തികളിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട് . അനുമതി ലഭിക്കുക യാണെങ്കിൽ ഈ മേഖലകളിൽ പ്രവർത്തിക്കുന്നവർ ക്കു കൂടി തൊഴിലുറപ്പു പദ്ധതിയുടെ പ്രയോജനം ലഭ്യമാകും.

| | | | |
|---|---|---|---|
| സി. | 12-ാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണ ഘട്ടത്തിൽ തന്നെ ഇതിന് പ്രാധാന്യം ലഭിക്കുന്ന വിധത്തിലുള്ള ഇടപെടൽ നടത്തുമോ ? | സി. | എൻ.ആർ.ഇ.ജി. ആക്റ്റ് 2005 നിഷ്കർഷിക്കുന്ന പ്ര കാരമുള്ള പ്രവൃത്തികളാണ് ഈ പദ്ധതിയിൽ നിലവിൽ ഏറ്റെടുക്കുന്നത്. മുകളിൽ പറഞ്ഞ പദ്ധതികളെകൂടി അനുവദനീയമായ പ്രവൃത്തികളിൽ ഉൾപ്പെടുത്തി കിട്ടുന്നതിനുവേണ്ടിയുള്ള പ്രൊപ്പോ സൽ സമർപ്പിച്ച് ഇടപെടൽ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ.